പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: * **567**

27.10.2016-ൽ മറുപടിക്ക്

## ഭവനരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>,, വി. എസ്. ശിവകുമാർ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, ഷാഫി പറമ്പിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവനരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ എത്ര ഭവനങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബ്രഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 24341 ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

|  |  |  |  |
|---|---|---|---|
|  |  |  | നിലവിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന ഗൃഹശ്രീ, സാഫല്യം എന്നീ ഭവന പദ്ധതികളും നടപ്പിലാക്കിവരുന്നു. |
| (ബി) | ഭവനനിർമ്മാണ വസ്തുക്കളുടെ ക്രമാതീതമായ വിലവർദ്ധനവ് സാധാരണക്കാരെ സ്വന്തം ഭവനം എന്ന സ്വപ്നത്തിൽ നിന്നും പിൻതിരിപ്പിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സാധനസാമഗ്രികൾ സബ്സിഡി ഇനത്തിൽ നൽകുന്ന പദ്ധതി നടപ്പിലാക്കുമോ? | (സി) | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം കലവറ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കലവറ പദ്ധതിയിലൂടെ സിമന്റ്, കമ്പി എന്നിവ ബി.പി.എൽ കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ